**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5004** **20-03-2025 - ൽ മറുപടിയ്ക്ക്**

**സ്കൂളുകളിലെ പോക്സോ നിയമ ബോധവൽക്കരണ പരിപാടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. ഐ. ബി. സതീഷ്,<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു<br>ശ്രീമതി ശാന്തകുമാരി കെ.** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | പോക്സോ നിയമമനുസരിച്ച് കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് സ്കൂൾ അധ്യാപകർക്കുള്ള ഉത്തരവാദിത്വങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | സ്കൂൾ തലത്തിൽ പോക്സോയുമായി ബന്ധപ്പെട്ട പരാതികൾ കുട്ടികളിൽ നിന്നും ലഭിക്കുന്ന പക്ഷം അതതു തലങ്ങളിൽ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ അധ്യാപകർ സ്വീകരിക്കേണ്ടതാണ്. സ്കൂൾ മേൽ അധികാരിക്ക് അധ്യാപകർ രേഖാമൂലം വിവരം റിപ്പോർട്ട് ചെയ്യേണ്ടതും മേലധികാരി പോലിസിനോ അല്ലെങ്കിൽ സ്പെഷ്യൽ ജുവേനൈൽ പോലീസ് യൂണിറ്റിനോ വിവരം കൈമാറേണ്ടതുമാണ് . കേസുകൾ റിപ്പോർട്ട് ചെയ്താലും, കുട്ടികൾക്ക് മാനസിക പിന്തുണ ഉറപ്പാക്കുന്നതിനും അധ്യാപകർ ശ്രദ്ധിക്കേണ്ടതാണ്. ഇതുമായി ബന്ധപെട്ട് കുട്ടികളെ അനാവശ്യമായി ചോദ്യം ചെയ്ത് മാനസിക സമ്മർദത്തിലാക്കാനും പാടില്ല. ബഹു.ഹൈക്കോടതിയുടെ നിർദ്ദേശാനുസരണം പൊതുവിദ്യാഭ്യാസ ഡയറക്ടർ ചെയർമാനായുള്ള ഒരു വിദഗ്ധ സമിതി രൂപീകരിക്കുകയും സമിതിയുടെ ശിപാർശ പ്രകാരം സ്കൂൾ കൌൺസലർമാർ,ഹയർ സെക്കന്ററി സൌഹൃദ കോ-ഓർഡിനേറ്റർമാർ, വൊക്കേഷണൽ ഹയർ സെക്കന്ററി കരിയർ മാസ്റ്റർമാർ എന്നിവർക്ക് ആദ്യഘട്ടം പരിശീലനം നൽകുകയും തുടർന്ന് എല്ലാ അധ്യാപകർക്കും പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ, പോക്സോയുമായി ബന്ധപ്പെട്ട് വിശദമായ ഒരു കൈപുസ്തകം തയ്യാറാക്കുകയും അത് എല്ലാ വിദ്യാലയങ്ങൾക്കും കൈമാറുകയും ചെയ്തിട്ടുണ്ട്. അതിൽ റിപ്പോർട്ടിംഗ് ഉൾപ്പെടെയുള്ള കാര്യങ്ങൾ പ്രതിപാദിച്ചിട്ടുണ്ട്. ലൈംഗിക അതിക്രമവും അനുബന്ധ സൈബർ കുറ്റകൃത്യങ്ങളെ സംബന്ധിച്ചും കുട്ടികളെ ബോധവാൻമാരാക്കേണ്ടതും ആവശ്യമായ പ്രതിരോധ മാർഗങ്ങളെ സംബന്ധിച്ച് കട്ടികൾക്ക് നിർദേശങ്ങൾ നൽകേണ്ടതുമാണ്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത നിയമ ലംഘനങ്ങളുമായി ബന്ധപ്പെട്ട പരാതികൾ കൈകാര്യം ചെയ്യുന്നതിനായി സ്കൂൾ തലത്തിലുള്ള നിയന്ത്രണങ്ങളും റിപ്പോർട്ടിംഗ് സംവിധാനങ്ങളും എന്തൊക്കെയാണ്; വിശദമാക്കാമോ; | (ബി) | എല്ലാ വിദ്യാലയങ്ങളിലും കുട്ടികൾക്ക് ഭയരഹിതമായി പരാതികൾ നൽ കുന്നതിനു ഡ്രോപ്പ് ബോക്സ് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനു നിർദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ പരാതികൾ നൽകുന്നതിനു 'e drop box' സംവിധാനവും പരാതികൾ റിപ്പോർട്ട് ചെയ്യുന്നതിനായി ഏർപ്പെടുത്തിയിട്ടുണ്ട് .സ്കൂൾ കൗൺസിലർമാരുടെ ശ്രദ്ധയിൽപ്പെടുന്ന കേസുകളും പോലീസിലേക്ക് റിപ്പോർട്ട് ചെയ്യപ്പെടാറുണ്ട്. |
| (സി) | കുട്ടികൾക്ക് ലൈംഗിക അതിക്രമങ്ങൾ തിരിച്ചറിയാനും അവയിൽ നിന്ന് രക്ഷപ്പെടാനും സഹായിക്കുന്നതിന് ഹയർ സെക്കണ്ടറി അധ്യാപകർക്ക് എന്തൊക്കെ ബോധവൽക്കരണ പരിശീലനങ്ങളാണ് നൽകുന്നത്; വിശദീകരിക്കാമോ; | (സി) | സംസ്ഥാനത്തെ ഹയർസെക്കൻററി സ്കൂളുകളിൽ കുട്ടികളുടെ മാനസിക ശാരീരിക ആരോഗ്യം സംരക്ഷിക്കുന്നതിനായി അധ്യാപകൻ/ അധ്യാപികയുടെ നേതൃത്വത്തിൽ സൗഹൃദ ക്ലബ്ബുകൾ പ്രവർത്തിക്കുന്നു. വിദ്യാർത്ഥികൾക്ക് അവരുടെ പ്രശ്നങ്ങളും പ്രയാസങ്ങളും തുറന്നു പറയാനുള്ള വേദി കൂടിയാണ് സൗഹൃദ ക്ലബ്ബുകൾ. ഇത്തരം ക്ലബ്ബുകൾ സൗഹൃദ കോർഡിനേറ്റർമാരുടെ (അധ്യാപകർ) നേതൃത്വത്തിലാണ് പ്രവർത്തനം നടത്തുന്നത്. അധ്യാപകർക്ക് നൽകുന്നintroductory training, തിരുവനന്തപുരം ചൈൽഡ് ഡെവലപ്മെന്റ് സെന്ററുമായി ചേർന്നു നടത്തുന്ന മാസ്റ്റർ ട്രെയ്നിംഗ് എന്നിവയിൽ ലൈംഗികാരോഗ്യവും പോക്സോയും ഒരു പ്രത്യേക മൊഡ്യൂൾ ആക്കി ഉൾപ്പെടുത്തിയിട്ടുണ്ട്. ലൈഗികാതിക്രമങ്ങളുടെ വിവിധ തലങ്ങളും അവയുടെ റിപ്പോർട്ടിംഗ് രീതിയും വിശദമാക്കി കൈപുസ്തകം തയ്യാറാക്കി സൗഹൃദ കോർഡിനേറ്റർമാർക്ക് നൽകിയിട്ടുള്ളതുമാണ്. |
| (ഡി) | പോക്സോ ബോധവൽക്കരണ പരിപാടിയുടെ ഭാഗമായി കുട്ടികൾ, രക്ഷിതാക്കൾ, അധ്യാപകർ, സമൂഹം എന്നിവരുമായി സഹകരിച്ച് നടത്തുന്ന പ്രധാന നടപടികൾ എന്തൊക്കെയാണ്; വിശദീകരിക്കാമോ? | (ഡി) | സംസ്ഥാനത്തെ ഹയർസെക്കൻററി സ്കൂളുകളിൽ കുട്ടികളുടെ മാനസിക ശാരീരിക ആരോഗ്യം സംരക്ഷിക്കുന്നതിനായി അധ്യാപകൻ/ അധ്യാപികയുടെ നേതൃത്വത്തിൽ സൗഹൃദ ക്ലബ്ബുകൾ പ്രവർത്തിക്കുന്നു. വിദ്യാർത്ഥികൾക്ക് അവരുടെ പ്രശ്നങ്ങളും പ്രയാസങ്ങളും തുറന്നു പറയാനുള്ള വേദി കൂടിയാണ് സൗഹൃദ ക്ലബ്ബുകൾ. ഇത്തരം ക്ലബ്ബുകൾ സൗഹൃദ കോർഡിനേറ്റർമാരുടെ (അധ്യാപകർ) നേതൃത്വത്തിലാണ് പ്രവർത്തനം നടത്തുന്നത്. അധ്യാപകർക്ക് നൽകുന്നintroductory training, തിരുവനന്തപുരം ചൈൽഡ് ഡെവലപ്മെന്റ് സെന്ററുമായി ചേർന്നു നടത്തുന്ന മാസ്റ്റർ ട്രെയ്നിംഗ് എന്നിവയിൽ ലൈംഗികാരോഗ്യവും പോക്സോയും ഒരു പ്രത്യേക മൊഡ്യൂൾ ആക്കി ഉൾപ്പെടുത്തിയിട്ടുണ്ട്. ലൈഗികാതിക്രമങ്ങളുടെ വിവിധ തലങ്ങളും അവയുടെ റിപ്പോർട്ടിംഗ് രീതിയും വിശദമാക്കി കൈപുസ്തകം തയ്യാറാക്കി സൗഹൃദ കോർഡിനേറ്റർമാർക്ക് നൽകിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ